പട്ടിക സമുദായത്തിൽപ്പെട്ടവരുടെ ഭവന പദ്ധതികൾ, സ്വയംതൊഴിൽ വായ്പകൾ എന്നിവയുടെ തുകകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

99(2351) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക സമുദായത്തിൽപ്പെട്ടവരുടെ ഭവനപദ്ധതികൾ, സ്വയംതൊഴിൽ വായ്പകൾ എന്നിവയുടെ തുകകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ബഹുഭൂരിപക്ഷം പട്ടിക സമുദായക്കാരും ഇപ്പോഴും ജീവിത നിലവാരത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന സാഹചര്യത്തിൽ ഇവരുടെ ഉന്നതിക്കായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പട്ടികജാതികാർക്ക് സ്വയംതൊഴിൽ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 3 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള വ്യവസായ സംരംഭം തുടങ്ങുന്നതിന് ഒരു ലക്ഷം രൂപയും 7 പേരുള്ള ഗ്രൂപ്പിന് 10.50 ലക്ഷം രൂപയും സബ്സിഡിയായി നൽകി വരുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയാണ്. ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് ഈ ആവശ്യത്തിന് വായ്പ നൽകുന്നില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ പുതുതായി നടപ്പിലാക്കേണ്ടുന്ന പദ്ധതികൾക്കായി പൂൾഡ് ഫണ്ട്, ക്രിറ്റിക്കൽ ഗ്യാപ്പ് ഫില്ലിംഗ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി ഭരണാനുമതി നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്താൻ താഴെ പറയുന്ന പദ്ധതികളും നടപ്പാക്കി വരുന്നു.

1. സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗ പ്രവർത്തനങ്ങൾക്കായി ലഭ്യമാകുന്ന ഫണ്ട് ഉപയോഗപ്പെടുത്തി അവരുടെ സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. പട്ടികവർഗ്ഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർക്കാരുടെ (PTG's) സമഗ്ര വികസനത്തിന് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ലഭ്യമായ 148 കോടി രൂപ ഉപയോഗപ്പെടുത്തി വരുന്ന 4 വർഷങ്ങളിലായി പ്രസ്തുത വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

3. വനാവകാശ നിയമ പ്രകാരവും അല്ലാതെയും ഭൂമി നൽകിയ മുഴുവൻ പട്ടികവർഗ്ഗക്കാരുടേയും സുസ്ഥിര വികസിനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

4. നിലവിലുള്ള മുഴുവൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

5. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സ്ഥിരമായ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

6. പി.എസ്.സി./പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള പൊതു പരീക്ഷയ്ക്കായി സ്ഥിരം പരിശീലന പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

7. നിലവിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളാകെ ശാസ്ത്രീയമായി സംയോജിപ്പിച്ചും പുനഃസംഘടിപ്പിച്ചും ആധുനിക കാലഘട്ടത്തിനനുയോജ്യമായി തൊഴിൽ നേടുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള ബൃഹത് പരിപാടിയും ആലോചിച്ചുവരുന്നു.

കുടിവെള്ള പദ്ധതി

100(2352) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.പി. സ്കീമനുസരിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നത് ;

(സി) അത് വിനിയോഗിക്കുന്നതിനുള്ള ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ സാങ്കേതികത്വത്തിന്റെ പേരിൽ നടപ്പാക്കാതിരിക്കുന്നതായി കൊല്ലം ജില്ലയിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly